പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7262 16.07.2012 – ൽ മറുപടിക്ക്**

**സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**" എം.പി. വിൻസന്റ്**<br>**" ഷാഫി പറമ്പിൽ**<br>**" ജോസഫ് വാഴക്കൻ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) അവശ്യ സാധനങ്ങളുടെ വിലവർദ്ധന തടയുന്നതിന് എന്തെല്ലാം നടപടികളാണ് പൊതു വിതരണ സമ്പ്രദായത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) അവശ്യസാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. എ.എ.വൈ/ബി.പി.എൽ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 35 കിലോയും 25 കിലോയും അരി കിലോയ്ക്ക് ഒരു രൂപ നിരക്കിലും ബി.പി.എൽ കാർഡുകൾക്ക് 2/- രൂപ നിരക്കിൽ 8 (എട്ട്) കിലോ ഗോതമ്പും എ.പി.എൽ വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം പേർക്ക് 2/- രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്ന പദ്ധതിയും മൂലം ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധനവ് നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സപ്ലൈകോ നടത്തുന്ന വിപണി ഇടപെടൽ പൊതുവെ വില വർദ്ധനവ് തടയുന്നതിന് സഹായകമാണ്. |
| ബി) ഇതിനായി സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിൽ വിതരണം ചെയ്യുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br>സി) ഏതെല്ലാം സാധനങ്ങളാണ് ഇങ്ങനെ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാം? | (ബി)യും (സി) യും<br>റേഷൻ കടകൾ വഴി സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യാനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു എങ്കിലും അനുമതി ഇതുവരെ ലഭിക്കാത്തതിനാൽ നടപ്പാക്കാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ.